LIBRARY ARCHIVES Kerala Legislative Assembly

ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് പയ്യന്നൂർ മണ്ഡലത്തിലെ പ്രവൃത്തികൾ

154 (2434) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് പയ്യന്നൂർ നിയോജക മണ്ഡലത്തിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും, അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന വകുപ്പ് മുഖേന ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

കടിവെള്ളം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം - അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

155 (2435) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളം, ശുചിത്വം, മാലിന്യ നിർമ്മാർജനം എന്നിവയ്ക്കാവശ്യമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ആയതിലേയ്ക്കായി ഇതുവരെ എന്തെല്ലാം പദ്ധതിയാണ് ആവിഷ്കരിച്ചു നടപ്പാക്കിയതെന്നും ഇതുവരെ സർക്കാർ ഖജനാവിൽ നിന്നും ഇതിനായി എത്ര തുക നീക്കിവെച്ചെന്നും ഏതെല്ലാം പ്രവർത്തനങ്ങൾക്കായി എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.